വാരാന്ത്യ
കാരവൽ
2020 നവംബർ 21 ശനി

സമ്മിശ്ര കൃഷിയുടെ സാധ്യതകൾ തുറന്ന് യുവകർഷകൻ

വസന്തൻ തോട്ടത്തിൽ

നാം ഉപേക്ഷിച്ചുപോയ കൃഷിയേയും കൃഷി രീതികളേയും പരിപോഷിപ്പിക്കുവാനും സംരക്ഷിക്കുവാനുമായി പലരും മുന്നോട്ടു വന്നിരിക്കുന്നത് തീർത്തും സന്തോഷകരമായ വസ്തുതയാണ്. പലരും പല സമ്പ്രദായങ്ങൾ പിന്തുടർന്ന് പരമാവധി വിളവുകൾ ഉത്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാന സർക്കാരും ഇന്ന് ഒരു തുണ്ട് ഭൂമി പോലും തരിശായി കിടക്കരുതെന്ന കാഴ്ചപ്പാടിൽ കൃഷി ചെയ്യുവാൻ വേണ്ട പ്രോത്സാഹനങ്ങൾ നൽകി വരുന്നു. അത്തരത്തിൽ നാം വ്യത്യസ്ത കൃഷികളിലേക്ക് ഇറങ്ങി ച്ചെല്ലുമ്പോൾ പല മാതൃകകൾ കണ്ടെത്താനാകും. ഇത്തരത്തിൽ സമ്മിശ്ര കൃഷിയുടെ സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്തുകയാണ് കാസർകോട് ജില്ലയിലെ കുമ്പഡാജെ ഗ്രാമത്തിൽ പെട്ട നേരപ്പാടി 'ശ്രീകൗസ്തുഭ'ത്തിലെ ശങ്കര പൂജാരി- കമല ദമ്പതികളുടെ രണ്ടാമത്തെ മകനായ വസന്ത നേരപ്പാടി.

പൂ കൃഷിയിൽ തൽപരനായിരുന്ന വസന്ത റോസപ്പൂക്കളുടെ 120 ഇനങ്ങൾ സ്വന്തം വീട്ടുമുറ്റത്തൊരുക്കി വിസ്മയം സൃഷ്ടിച്ച വ്യക്തിയാണ്. ഇന്നത് വ്യത്യസ്ത പൂക്കളുടെ കലവറയായി അദ്ദേഹത്തിന്റെ വീട്ടുമുറ്റം അലങ്കരിക്കുകയാണ്. ചെമ്പരത്തിയുടെ 30 ഇനം, ഒരേയിനം ഇതളുകളും വ്യത്യസ്തയിനം ഇതളുകളുമുള്ള എഡിന്യം, വിവിധ തരം ആന്തൂറിയം, ഓർക്കിഡ്, അലങ്കാര ചെടികൾ, താമരയിനങ്ങൾ, എന്നിവയാൽ അദ്ദേഹത്തിന്റെ വീട്ടുമുറ്റം നിറഞ്ഞിരിക്കുന്നു.

പാരമ്പര്യമായുള്ള കവുങ്ങ്, തെങ്ങ് കൃഷിയോടൊപ്പം സമ്മിശ്ര കൃഷിരംഗത്തേക്കു കൂടി പ്രവേശിക്കുകയാണ് വസന്ത. പറമ്പിലെ ഏറ്റവും മുകൾ ഭാഗത്ത് മൂന്ന് വലിയ കുളങ്ങളിൽ മത്സ്യ കൃഷി ചെയ്യുന്നു. കൂടാതെ വീട്ടുപരിസരത്ത് രണ്ടു കുളങ്ങൾ വേറെയുണ്ട്. നിലത്ത് കുളം നിർമ്മിച്ച്, പോളിത്തീൻ ഷീറ്റ് വിരിച്ച്, ജലസേചന സൗകര്യമേർപ്പെടുത്തി തുടങ്ങിയ മത്സ്യ കൃഷിയ്ക്ക് ഏകദേശം മൂന്ന് ലക്ഷത്തോളം രൂപ ചിലവായതായി അദ്ദേഹം പറയുന്നു. തിലാപ്പിയ, കരിമീൻ, കാർപ്പ്, ആറ്റുകൊഞ്ച് എന്നീ നാലിനം മത്സ്യങ്ങളാണ് പ്രധാനമായും വളർത്തുന്നത്. കുഞ്ഞുങ്ങളെ നിക്ഷേപിച്ച് ഏകദേശം ആറുമാസം കഴിഞ്ഞാൽ വിളവെടുക്കുവാൻ പറ്റും. പെലറ്റ് എന്ന തീറ്റയാണ് പ്രധാനമായും നൽകുന്നത്. വീട്ടാവശ്യത്തിന് എടുക്കുന്നത് കൂടാതെ വിൽപനയും നടത്തുന്നുണ്ട്. മത്സ്യങ്ങൾ വളർന്ന് വിളവെടുക്കുമ്പോൾ തീർച്ചയായും നല്ലൊരാദായം ഉറപ്പെന്ന് അദ്ദേഹം തറപ്പിച്ചു പറയുന്നു. കുളത്തിൽ ചാണകം തുണിയിൽ കെട്ടി വയ്ക്കുന്നത് ഗുണകരമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. മത്സ്യ കൃഷിയിൽ പരിശീലനം നേടിയ വസന്ത പരിശീലന ക്ലാസുകൾ നടത്തുന്നുണ്ട്. മത്സ്യ കുളത്തിനടിയിൽ പൈപ്പിട്ടതു വഴി, കുളം വൃത്തിയാക്കുമ്പോൾ വെള്ളം നേരെ കവുങ്ങിൻ തോട്ടത്തിലെത്തും. മത്സ്യ കുളത്തിലെ വെള്ളത്തിന് നല്ല വളക്കൂറുണ്ട്. ഇത് കവുങ്ങിൻ തോട്ടത്തിൽ എത്തുന്നതോടെ വിളവ് വർദ്ധിക്കും.

വിവിധയിനം പഴവർഗ്ഗങ്ങളിൽപ്പെട്ട ചെടികളും വിശാലമായ തോട്ടത്തിൽ ധാരാളമായുണ്ട്. 25 ഇനം മാവുകൾ, പ്ലാവ്,വാഴ നെല്ലി. റമ്പൂട്ടാൻ, പ്ലം, മരമുന്തിരി, ഡ്രാഗൺ ഫ്രൂട്ട്, എഗ്ഗ് ഫ്രൂട്ട്, ഗ്രാഫ്റ്റഡ് പപ്പായയിനങ്ങളായ റെഡ് ലേഡി, ഗോൾഡൻ പപ്പായ, എന്നിവ അതിൽ ചിലതാണ്. വഴുതനിങ്ങയുടെ ചെടി അതേ ജനുസ്സിൽ പെട്ട ചുണ്ടങ്ങാ ചെടിയിൽ ഗ്രാഫ്റ്റ് ചെയ്തപ്പോൾ തനിമ നഷ്ടപ്പെടാതെ അഞ്ച് വർഷത്തോളം വിളവെടുക്കാനായത് മറ്റൊരു സവിശേഷതയാണ്. കൂടാതെ പറമ്പിൽ മഹാഗണി തുടങ്ങിയ തനത് കാട്ടുമരങ്ങളും നിലനിർത്തിയിട്ടുണ്ട്. മരങ്ങൾക്കിടയിൽ തേനീച്ചപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. മേൽമണ്ണ് നഷ്ടപ്പെടാത്ത രീതിയിലാണ് കൃഷികളൊക്കെയും.

വസന്തന്റെ കൃഷിത്തോട്ടത്തിലെ ദൃശ്യങ്ങൾ



പ്രകൃതി സ്നേഹി കൂടിയായ വസന്ത തന്റെ കൃഷിയിടത്തിൽ പറവകൾക്കും മറ്റുമായി വേനൽക്കാലത്ത് കുടിവെള്ള സൗകര്യമൊരുക്കാറുണ്ട്. കൃഷിയിടത്തിൽ 400 വർഷം പഴക്കമുള്ളൊരു വൻ പുളിമരം കാണാം. ആ മരത്തെ പൊതിഞ്ഞ് മറ്റൊരു താഴ്മരം ആകാശംമുട്ടെ വളർന്നിരിക്കുന്നു. അത് നൂറുകണക്കിന് വ്യത്യസ്തയിനം പറവകളുടേയും മരപ്പട്ടി, കീരി, പാമ്പ്, ഉടുമ്പ് തുടങ്ങിയ ഉരഗങ്ങളുടേയും വാസസ്ഥലമാണ്.

ബി.എസ്.സി. ബിരുദധാരിയും കോടതി ജീവനക്കാരനുമായ വസന്ത തന്റെ ഒഴിവു സമയങ്ങളിൽ മുഴുവൻ തന്റെ കൃഷിയിടത്തിൽ വ്യാപൃതനാണ്. പ്രകൃതിയെയും അതിലെ സസ്യ, ജീവജാലങ്ങളെയും സ്നേഹിച്ചു കഴിയുന്ന വസന്തന് അതിൽ നിന്നും ലഭിക്കുന്ന ആത്മസംതൃപ്തി വിവരണാതീതമാണ്. സ്വാഭാവിക ജൈവ സ്വഭാവം നിലനിർത്തി, കൃഷിയേയും പ്രകൃതിയേയും സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഇത്തരം മികച്ച വ്യക്തിത്വങ്ങൾ പുതു തലമുറയ്ക്ക് മാതൃകയാണ്.

രാജൻ മുനിയൂർ

ഇനിയും കുളിരുപെയ്യാതെ... വൃശ്ചികം

ഇന്ന് വൃശ്ചികം ആറ്. സന്ധ്യ മയങ്ങിയാൽ കോരിച്ചൊരിയേണ്ട മഞ്ഞു മഴക്കാലം. ഇരുട്ടു പരക്കും മുമ്പെ കുളിരു പരക്കുന്ന തൃസന്ധ്യകൾ. കുറച്ചു കാലം മുമ്പു വരെ ഓരോ ഋതുക്കളും ഇവിടെ മുറതെറ്റാതെ എത്തിയിരുന്നു. എന്നാൽ പിന്നീട് പതിവുകളിൽ മാറ്റം വന്നു തുടങ്ങി. മഴ പെയ്യേണ്ട സമയത്തു മഞ്ഞും വെയിലുദിച്ച് പ്രഭ ചൊരിയേണ്ട സമയത്ത് മൂടിക്കെട്ടിയ അന്തരീക്ഷവുമൊക്കെയാണിന്ന്. മനുഷ്യന്റെ ചിന്തയ്ക്കും മനസ്സിനും ഒപ്പം കാലത്തിന്റെ തുടിപ്പുകളും മാറിയോ?

തുലാവം കഴിയുന്നതിനു മുമ്പു തന്നെ മഞ്ഞു വീഴ്ച ആരംഭിക്കുകയാണ് പതിവ്. പോയ വർഷങ്ങളെ അപേക്ഷിച്ച് വൃശ്ചികം പിറക്കും മുമ്പു തന്നെ മഞ്ഞു വീഴ്ച തുടങ്ങുകയും തണുപ്പു പരക്കുകയും ചെയ്തിരുന്നു. എന്നാൽ തൊട്ടുപിന്നാലെ തന്നെ കനത്ത കാറ്റും മഴയും ഇടിയും മിന്നലുമൊക്കെ ചേർന്ന് മഞ്ഞു പെയ്യുന്ന ചിത്രം മായ്ച്ചു കളഞ്ഞു. പകൽ കത്തിയാളുന്ന ചൂടും രാത്രിയിൽ മഴയോ, മഞ്ഞോ എന്നു നിശ്ചയമില്ലാത്ത സ്ഥിതിയും.

പഴയകാലാവസ്ഥയൊക്കെ മാറിപ്പോയെന്നു പഴയകാലത്തിന്റെ ഓർമ്മകൾ ഇനിയും മറക്കാത്തവർ ചൂണ്ടിക്കാണിക്കുമ്പോൾ പുതുതലമുറയ്ക്ക് പ്രത്യേകിച്ച് ഒന്നും തോന്നാത്തതും കാലത്തിന്റെ പ്രത്യേകത തന്നെ.

ശൈത്യ കാലത്തിന്റെ തുടക്കമാണ് മഞ്ഞും കുളിരും. വെയിൽ ആറി തുടങ്ങുന്നതിനു മുമ്പെ പെയ്തു തുടങ്ങുന്ന മഞ്ഞ്. ഓരോ മഞ്ഞുതുള്ളിയും ചെടിയിലും പൂവിലും കായിലും ഇലക്കലപ്പുകളിലും കുളിരു കോരിച്ചൊരിയുന്ന നിലാവുള്ള രാത്രി. കാലം ഇത്തരം ചിത്രങ്ങളെയൊക്കെ മായ്ച്ചു കൊണ്ടിരിക്കുമ്പോഴും പുതുതലമുറ പുതിയതായി ഒന്നും പഠിക്കുന്നില്ല.

മഞ്ഞു പെയ്തിറങ്ങി കോരി തണുപ്പിച്ചാലേ മാവും പ്ലാവും പൂത്ത് മാങ്ങയും ചക്കയും കായ്ക്കൂ. ഇല്ലാത്ത പക്ഷം മാവു തിരികളെല്ലാം പുതിയ ഇലകളായി വിരിഞ്ഞ് തഴച്ചു വളരും. മഞ്ഞും തണുപ്പും അനുഭവപ്പെട്ടാൽ, ചില്ലകൾ തോറും മാമ്പൂ വിരിഞ്ഞ്, മണം പരത്തി മാങ്ങകൾ യഥേഷ്ടം ഉണ്ടാകും. പ്ലാവിന്റെ കാര്യവും വ്യത്യസ്തമല്ല. തണുപ്പില്ലെങ്കിൽ അതു ചക്ക ഉൽപാദനത്തെ പ്രതികൂലമായി ബാധിക്കുമെന്നു പഴമക്കാർ ചൂണ്ടിക്കാട്ടുന്നു.

തണുപ്പിന്റെ കുറവ് ശീതകാല പച്ചക്കറികളെയും പ്രതികൂലമായി ബാധിക്കും. തണുപ്പിനു പകരം ചൂട് അധികരിച്ചാൽ ഉപരിതല ജലത്തിന്റെ കൂടുതൽ കാലത്തെ ലഭ്യതക്കുറവിനും അതിടയാക്കും.

മഞ്ഞിനും കുളിരിനും പകരം മഴ തുടരുന്നത് കശുമാവു കൃഷിയെയും പ്രതികൂലമായി ബാധിക്കും. ഇത് കശുവണ്ടി ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കും.

കാലം മാറിക്കൊണ്ടിരിക്കുകയാണ്; കാലഭേദങ്ങളെല്ലാം തെറ്റിച്ചുകൊണ്ട്.

സിദ്ധാർത്ഥൻ

കഥ

പെൻഷനർ

അന്ന് ഓഫീസിൽ നിന്നും ജാള്യതയോടെ ഇറങ്ങിയതിനു ശേഷം ഞാൻ ദിവാകരൻ സാറിനെ കണ്ടതേയില്ല. തിളയ്ക്കുന്ന വെയിലിൽ വേച്ചു വേച്ചിറങ്ങിപ്പോയ ആ രൂപം കനലായ് എന്റെ മനസ്സിനെ ചുട്ടുപൊള്ളിച്ചുകൊണ്ടേയിരിക്കുന്നു. പെൻഷൻ ലഭിക്കുന്നതിനാൽ സാർ അല്ലലില്ലാതെ കഴിയുകയാണെന്ന് ഞാൻ സമാധാനിച്ചു. അതിനിടയിലാണ് എനിക്ക് ജില്ലാ ഓഫീസിൽ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചത്. സ്ഥാനക്കയറ്റം ലഭിച്ചെങ്കിലും അനിയന്ത്രിതമായ വിലക്കയറ്റത്തിനു മുന്നിൽ ഞാൻ പകച്ചുപോയി. ദൂരെയുള്ള കുടുംബത്തിന് പണമയച്ചുകൊടുക്കുമ്പോൾ തന്നെ അരവയർ നിറഞ്ഞ പഴ്സ് എന്നെ നോക്കി കൊഞ്ഞനം കുത്തും. പാതി പൂർത്തിയായ വീട് ഭാർഗ്ഗവീ നിലയം പോലെ കാടുപിടിച്ചു കിടക്കുന്നു. സിമന്റും മണലും കിട്ടാക്കനിയായി. ഗ്യാസിന്റെ കാര്യമാണ് അതിലേറെ കഷ്ടം. ഭാര്യ കടം വാങ്ങിയാണിപ്പോൾ പണം കണ്ടെത്തുന്നത്. ഇങ്ങിവിടെ ഞാൻ സബ്സിഡി വരുന്നതും കാത്ത് മൊബൈലിൽ കണ്ണുംനട്ടിരിക്കുന്നു. 'ദേ രണ്ടു മക്കളാണ് വളർന്നു വരുന്നത്' ഭാര്യയുടെ ഇടയ്ക്കിടെയുള്ള ഓർമ്മപ്പെടുത്തലുകൾ അശരീരിയായി തലച്ചോറിനെ പൊള്ളിച്ചു. എൽ ഡി ആയാലും യു ഡി ആയാലും കാര്യം കട്ടപ്പൊക തന്നെ- സായാഹ്ന സവാരിക്കിടയിൽ സുഹൃത്തിന്റെ ഓർമ്മപ്പെടുത്തൽ.

അന്ന് ഒരു ഞായറാഴ്ചയായിരുന്നു. വീട്ടിൽ ഇരുന്ന് മുഷിഞ്ഞതിനാൽ പുറത്തേക്കിറങ്ങാമെന്നുവച്ചു. നഗരത്തിൽ തിരക്ക് നന്നേ കുറവ്. അടുത്ത് കണ്ട ഹോട്ടലിലേക്ക് കയറി കൈയ്യിലിരുന്ന സായാഹ്ന ദിനപത്രം മറിച്ചുകൊണ്ടിരിക്കേയാണ് പരിചിത സ്വരം കാതിൽ വന്നലച്ചത്. 'സാറിന് എന്താ വേണ്ടത്'മുഖമുയർത്തി. തല കറങ്ങുന്നത് പോലെ തോന്നി. ദൈവമേ ഇത് എന്ത് പരീക്ഷണം? മുന്നിൽ ദിവാകരൻ സാർ. എന്നെ കണ്ടതും സാറിന്റെ മുഖം വിവർണ്ണമായി. ചുണ്ടുകൾ വിറച്ചു. സായാഹ്ന സൂര്യൻ പകച്ചു നിന്നു. അസഹ്യമായ മൗനത്തിന്റെ തേരോട്ടം. ഒന്നും മിണ്ടാനാകാതെ നിശ്ചലനായി നിൽക്കുകയാണ് സാർ.

മൗനത്തിന്റെ കവചം പൊളിച്ച് കാഷ്യറുടെ ശബ്ദം. 'തിരക്കു കാണുന്നില്ലേ വേഗം സപ്ലൈ ചെയ്യൂ' ആ കണ്ണുകളിൽ നോക്കാനാവാതെ ഞാൻ മുഖം കുനിച്ച് നിന്നു. ഇടറിയ കാൽവെപ്പുകളോടെ സാർ അകത്തേക്കു നടന്നു.



ചായ കുടിച്ചുകൊണ്ട് ഞാൻ ചുറ്റിലും സാറിനെ നോക്കി. കണ്ടതേയില്ല. മുഖം കഴുകി. വാഷ്ബേസിന് അരികിൽ നിന്നും അകത്തേക്ക് നോക്കി. അവിടെ ഒരു വാതിൽ പാളിക്ക് പിറകിൽ ചാരി നിൽക്കുകയാണ് സാർ. അടുത്തേക്ക് ചെന്നു. സാർ ചിരിക്കാൻ ശ്രമിച്ചു. കൂടുതൽ ബുദ്ധിമുട്ടിക്കേണ്ടെന്നു കരുതി. അഡ്രസ് എഴുതിയ തുണ്ടു കടലാസ് ഷർട്ടിന്റെ പോക്കറ്റിലിട്ട് ഞാൻ തിരിഞ്ഞ് നടന്നു. സാറിന്റെ ദുർവിധിയോർത്ത് ഉള്ളം നീറി. വഴിവക്കിൽ നിന്ന് വാങ്ങിയ ജയിൽ ബിരിയാണി അത്താഴത്തിന് മുതൽക്കൂട്ടായി.

ദിവസങ്ങൾ കൊഴിഞ്ഞു വീണു. പതിവു ജോലി കഴിഞ്ഞ് രാത്രിയിൽ ടിവിയിൽ ന്യൂഡെൽഹിയിലെ മമ്മൂട്ടിയുടെ തകർപ്പൻ അഭിനയം കാണുകയായിരുന്നു. 'സാന്ദ്ര നീ എനിക്ക് എന്തൊക്കെയോ ആണ്. നിനക്ക് അങ്ങനെയല്ലെങ്കിലും' ചൂടൻ ഡയലോഗ് കേട്ട് രസം പിടിച്ചിരിക്കുമ്പോഴാണ് വാതിലിൽ മുട്ടു കേട്ടത്. രസം കൊല്ലിയായെത്തിയ അതിഥിയോട് കടുത്ത നീരസം തോന്നി.

പുറത്ത് മഴ തകർക്കുകയാണ്. പൂരത്തിന്റെ വെടിക്കെട്ടുപോലെ മിന്നൽപ്പിണരുകൾ.

വാതിൽ തുറന്നു. മുമ്പിൽ ദിവാകരൻ സാർ. നനഞ്ഞു കുതിർന്നു തണുത്തു വിറച്ച് അകത്തേക്കു വന്നു. ഭാരമുള്ള കാലുകൾ വേച്ചു വേച്ചു പോകുന്നതുപോലെ നന്നായി കുടിച്ചിട്ടുണ്ട്. ചുവന്നു കലങ്ങിയ കണ്ണുകൾ ഉയർത്തി സാർ എന്നെ രൂക്ഷമായി നോക്കി. അഴിഞ്ഞുവീഴാറായ മുണ്ട് ഒരു കൈകൊണ്ടു ചുറ്റിപ്പിടിച്ച് കസേരയിലേക്ക് വീണു. കൈയ്യിലെവിടെയോ തട്ടി കാലിലെ പെരുവിരലിൽ നിന്നും രക്തം ചീറ്റുന്നു. തോർത്താൻ മുണ്ടു നൽകി. ദേഷ്യത്തോടെ തട്ടി മാറ്റി.

'സാറീ രാത്രിയിൽ' 'എന്താ വന്നു കൂടെ? എങ്കിലിറങ്ങിത്തരാം. പണിപ്പെട്ട് എഴുന്നേൽക്കാൻ ശ്രമിച്ചു. മുണ്ട് അഴിഞ്ഞു വീണു... സാർ പുരട്ടാൻ ഡെറ്റോൾ വേണോ? അതുകൊണ്ട് ഉള്ളിലെ നീറ്റൽ മാറുമോ? സാർ വല്ലതും കഴിച്ചോ?' കഴിച്ചത് കാണുന്നില്ലേടോ? അവന്റെ ഓരോ ചോദ്യങ്ങളേ ? നിർത്താതെയുള്ള ചിരി... താൻ പ്രമോഷൻ ആയോ? ജില്ലാ ഓഫീസിലാണോ? അതെയെന്ന് തലയാട്ടി. 'പെൻഷൻ കിട്ടാൻ തുടങ്ങിയോ? പെൻഷൻ ഒക്കെ രേവതി വേഗം ശരിയാക്കി തന്നില്ലേടോ? കുഴഞ്ഞു മറിഞ്ഞ നാവിൽ ഭരണിപ്പാട്ട്. പിന്നെന്തിനാ സാർ ഈ ജോലി. ' സാറോ ആരുടെ സാറാടോ? രാജ്യം നഷ്ടപ്പെട്ടവനെന്ത് രാജാവാടോ? അവളുടെ അനുജന് ജാമ്യം നിന്നതാണ്. പെൻഷൻ റിക്കവറിക്ക് പോലും തികയുന്നില്ല.'പൂർത്തിയാക്കാനാവാതെ സാർ നെഞ്ചു പിളരുമാറുച്ചത്തിൽ ചുമച്ചു. ബുൾസൈ പോല മഞ്ഞ കലർന്ന കഫം പുറത്തേക്ക് തെറിച്ചു. പുറം തടവിക്കൊടുത്തു.'മാറടോ' മദ്യം മസ്തിഷ്ക്കത്തിൽ കൊടുങ്കാറ്റായി. ഞാൻ വല്ലാതായി. 'ഭാര്യയും മക്കളും'? "ആ കാര്യം എന്നെ ഓർമ്മിപ്പിക്കരുത്. മകന്റെ തല്ലുകൊള്ളേണ്ടിവന്ന മഹാഭാഗ്യവാനാണെടോ ഞാൻ". ചുമ, പൊട്ടിക്കരച്ചിൽ, പുറത്ത് പെരുമഴ. ഛേ, വല്ലാത്ത വിധി തന്നെ മനസ്സിൽ ഓർത്തു.' അതാണെടോ ? ന്യൂ ജനറേഷൻ' ചുമ തുടർന്നു.

അൽപം വെള്ളം താടോ

നൽകിയ കഞ്ഞി വെള്ളം ആർത്തിയോടെ കുടിച്ചു. കൈകൾ വറ്റിനായി പരതി. അൽപ്പം ചോറിട്ട് കൊടുത്തു. കഞ്ഞി വെള്ളം താടിരോമങ്ങളിൽ ചിലന്തി വല തീർത്തു.

'താമസം ഒക്കെ?' ഹോട്ടലിൽ തന്നെ താമസവും, ശാപ്പാടും ഫ്രീ... പിന്നെന്തു വേണം. ക്ലോക്കിൽ മണി പത്തടിച്ചു. ഞാൻ ഇറങ്ങുന്നു. സാർ പതിയെ എഴുന്നേറ്റു. നാളെ പോയാൽ പോരെ, എന്റെ ഭാര്യക്കും മക്കൾക്കും ഇല്ലാത്ത നോവ് നിനക്കെന്തിനാടോ? വേച്ചു വേച്ചു പുറത്തേക്കിറങ്ങി. പ്രമോഷൻ ആയതല്ലേ ഒരു അൻപതുരൂപ താടോ? പണം നൽകി. അപ്പോഴേക്കും മഴ ശമിച്ചിരുന്നു. സാർ മുറ്റത്തേക്കിറങ്ങി. നിസ്സഹായത തീർത്ത പത്മവ്യൂഹത്തിലേക്ക് പെട്ടെന്ന് തിരിഞ്ഞ് നിന്ന് ഉച്ചത്തിൽ പറഞ്ഞു. എടോ ദിനേശാ നീ ഇനി ഹോട്ടലിലേക്ക് വരരുത്. എനിക്ക് അത് സഹിക്കാൻ കഴിയില്ലടോ? ഞാനും എങ്ങനെയെങ്കിലും ജീവിച്ച്.....

മുഴുമിക്കാനാകാതെ സാർ ഉറക്കെ ചിരിച്ചു. നേർത്തു നേർത്തു വരുന്ന ചുമ.

ഇടിവെട്ടേറ്റവനേപ്പോലെ ഞാൻ ഇരുളിലേക്ക് തുറിച്ച് നോക്കി നിന്നുപോയി.

ദാമോദരൻ കാഞ്ഞങ്ങാട്

മിനിക്കവിത

നിറങ്ങൾ, നിഴലുകൾ...

ഷാജഹാൻ തൃക്കരിപ്പൂർ

കൊഞ്ചൽ വിട്ടൊഴിയാത്ത
പിഞ്ചുകിടാങ്ങളെ
ചീന്തിയെറിയുന്ന
കാട്ടാളക്കൂട്ടങ്ങൾ,വംശത്തിൻ
പേരിലായാലംബഹീനരെ
നിർദ്ദയം വെട്ടിയരിഞ്ഞ്
കരിക്കുവോർ
ഉറ്റവരില്ലാതെയിറ്റ്
കരുണയ്ക്കായ്
നെട്ടോട്ടമോടുന്ന
കൊച്ചുകുരുന്നുകൾ,
ചുറ്റും പതിക്കുന്ന ബോംബിൽ,
മിസൈൽകളിൽ പൊട്ടിത്തെറിക്കുന്ന
കുഞ്ഞുശിരസ്സുകൾ.